"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട്,കൊടുന്തിരപ്പുള്ളി എസ്.എൻ.യു.പി സ്കൂളിലെ 2022-23 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവിനെതിരെ ടി സ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച പുന:പരിശോധന ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.2736/2025/GEDN തീയതി,തിരുവനന്തപുരം, 19-04-2025

---

പരാമർശം:-

1. പാലക്കാട്,കൊടുന്തിരപ്പുള്ളി എസ്.എൻ.യു.പി സ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച 22/11/2023 തീയതിയിലെ പുന പരിശോധനാ ഹർജി
2. പാലക്കാട് ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 12/09/2024, 25/10/2024, 24/01/2025, 25/01/2025 തീയതികളിലെ യഥാക്രമം എഫ്/27/2024, എഫ്/86/2024 നമ്പർ കത്തുകൾ.
3. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 18/09/2024 തീയതിയിലെ ആർഎ1/18424/2024-ഡിജിഇ നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട്, കൊടുന്തിരപ്പുള്ളി എസ്.എൻ.യു.പി സ്കൂളിലെ 2022-23 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവിനെതിരെ ടി സ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച പരാമർശം 1 പുന പരിശോധനാ ഹർജിയിന്മേൽ തീരുമാനമെടുക്കുന്നതിനായി ഹർജിക്കാരനെയും കക്ഷികളെയും 19.9.2024-ൽ ഗൂഗിൾ മീറ്റ് മുഖാന്തിരം കേട്ടു.

2. **ഹർജിക്കാരന്റെ വാദങ്ങൾ ചുവടെ കൊടുക്കുന്നു.**

പാലക്കാട് ഉപജില്ല വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽപ്പെട്ട കൊടുന്തിരപ്പുള്ളി എസ്.എൻ.യു.പി സ്കൂളിന്റെ 2022-23 തസ്തിക നിർണ്ണയ ഉത്തരവിൽ 12 എൽ.പി ഡിവിഷനുകളും, 15 യു.പി.ഡിവിഷനുകളും അനുവദിച്ചിട്ടുള്ളതാണ്. അനുബന്ധമായി ചേർത്ത സ്റ്റേറ്റ്മെന്റിൽ എച്ച്.എം-1, യു.പി.എസ്.ടി-14, എൽ.പി.എസ്.ടി 12 എന്നിങ്ങനെയാണ് ചേർത്തിട്ടുള്ളത്.

ഇപ്പോഴത്തെ പ്രധാനാദ്ധ്യാപികയായ ശ്രീമതി.എൻ.പ്രിയദർശിനി 1.6.2017 മുതൽക്കു തന്നെ എൽ.പി.എസ്.ടി ആയി മാറ്റപ്പെട്ടതും എൽ.പി.എസ്.ടി ആയി തുടരുന്നതിൽ അവർക്ക് യാതൊരു ആക്ഷേപവും ഇല്ലായെന്ന് ഉപജില്ല വിദ്യാഭ്യാസ ഓഫീസർ മുമ്പാകെ എഴുതി നൽകുകയും ചെയ്തിട്ടുള്ളതാണ്. ആയതിനാൽ പ്രധാനാദ്ധ്യാപികയായ ഇവർക്കു വേണ്ടി 12 എൽ.പി.എസ്.ടി തസ്തികകളിൽ ഒരെണ്ണം കുറവ് ചെയ്ത് അനക്സർ 1-ലെ സ്റ്റാഫിന്റെ ഘടന രേഖപ്പെടുത്തേണ്ടത് താഴെ പറയും വിധമായിരിക്കണം.

എച്ച്.എം -1

എൽ.പി.എസ്.ടി -11
യു.പി.എസ്.ടി -15

സർക്കാർ ഉത്തരവ് നം.ജി.ഒ(പി) 275/2021/പൊ.വി.വ തീയതി 8.12.2021-ന്റെ അടിസ്ഥാനത്തിൽ ശ്രീമതി.എൻ.പ്രിയദർശിനി ഡിക്ലറേഷൻ ഫയൽ ചെയ്യുകയും ആയത് പാലക്കാട് ഉപജില്ല വിദ്യാഭ്യാസ ഓഫീസർ മുമ്പാകെ സമർപ്പിക്കപ്പെട്ടിട്ടുള്ളതാണ്.

ഈ റിവിഷൻ ഹർജിയിലുള്ള ആവശ്യം എൽ.പി.എസ്.ടി ആയ ശ്രീമതി.എൻ.പ്രിയദർശിനി 1.6.2020 മുതൽ പ്രധാനാദ്ധ്യാപികയായി സ്ഥാനക്കയറ്റം ലഭിക്കുമ്പോൾ പ്രധാനാദ്ധ്യാപികയുടെ സ്ഥാനം അനുവദിക്കപ്പെട്ട 12 എൽ.പി.എസ്.ടി ഡിവിഷനുകളിൽ ഒരെണ്ണം മാറ്റിവെച്ച് പ്രധാനാദ്ധ്യാപികയെ അതിൽ നിലനിർത്തേണ്ടതും തദനുസരണം 2022-23 തസ്തിക നിർണ്ണയത്തിലെ അനുബന്ധം 1-ൽ കാണിക്കേണ്ട തസ്തികകളുടെ പാറ്റേൺ താഴെ പറയും വിധം ആയിരിക്കണമെന്ന് റെജിമോൾ എ.ഇ.ഒ (2004) (2) കെ.എൽ.ടി 899 എന്ന കോടതി വിധിയിൽ പരാമർശമുള്ളതാണ്.

എച്ച്.എം. -1
എൽ.പി.എസ്.ടി -11
യു.പി.എസ്.ടി -15

മാനേജരുടെ റിവിഷൻ അപ്പീൽ നിരസിച്ചുകൊണ്ട് ഇറക്കിയ ഡയറക്ടറുടെ ആർ.എ1/75410/2023 dt. 9.8.2023 എന്ന ഉത്തരവിൽ ശ്രീമതി.എൻ.പ്രിയദർശിനി യു.പി.എസ്.ടി ആയി 1.1.2020-ലെ സീനിയോറിറ്റി ലിസ്റ്റിൽ രേഖപ്പെടുത്തി കാണുന്നതായി പരാമർശിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ ശ്രീമതി.എൻ.പ്രിയദർശിനിയെ 1.6.2017 മുതൽക്കുതന്നെ എൽ.പി.എസ്.ടി ആയി ഷിഫ്റ്റ് ചെയ്യുതും ആയതിന്മേൽ അവർക്ക് യാതൊരു ആക്ഷേപവും ഇല്ലാത്തതാണെന്ന് ഡിക്ലറേഷൻ സമർപ്പിച്ചതുമാണ്. ഈ സ്ഥാപനത്തിലെ എൽ.പി.എസ്. ടി, യു.പി.എസ്.ടി വിഭാഗത്തിൽപ്പെട്ട അദ്ധ്യാപകരെ നിലനിർത്തുന്നതിനായി ഇത്തരത്തിലുള്ള ഒരു ഷിഫ്റ്റിംഗ് നടത്തേണ്ട നിയമപരമായ ചുമതല കേരള വിദ്യാഭ്യാസ നിയമം അദ്ധ്യായം 14 എ യിലെ റൂൾ 40 പ്രകാരം മാനേജരിൽ നിക്ഷിപ്തമാണ്. ഈ ഷിഫ്റ്റിങ്ങോടുകൂടി 1.6.2017 മുതൽ 1.6.2000 വരെയുള്ള എൽ.പി.എസ്.ടി, യു.പി.എസ്.ടി അദ്ധ്യപകർക്ക് അനുവദിക്കപ്പെട്ട തസ്തികകളിൽ ബുദ്ധിമുട്ടില്ലാതെ നിലനിൽക്കുന്ന സാഹചര്യം ഉറപ്പാക്കുന്ന നടപടി ക്രമമാണ് മാനേജർ സ്വീകരിച്ചിട്ടുള്ളത്. മാനേജരുടെ ഈ നടപടി തികച്ചും നിയമപരമായതും സർക്കാരിന് യാതൊരു വിധത്തിലും അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കാത്തതുമാണ്. ഈ സാഹചര്യത്തിൽ എന്റെ ഈ റിവിഷൻ ഹർജി അനുവദിക്കുവാനും ശ്രീമതി. എൻ.പ്രിയദർശിനി 1.6.2017 മുതൽക്കുതന്നെ എൽ.പി.എസ്.ടി ആയി ഷിഫ്റ്റ് ചെയ്യ കാര്യം പരിഗണിച്ചുകൊണ്ട് 1.6.2020-ൽ പ്രധാനാദ്ധ്യാപികയായി സ്ഥാനക്കയറ്റം ലഭിക്കുമ്പോൾ ഇവരെ എൽ.പി.എസ്.ടി തസ്തികകളിൽ ഒരെണ്ണത്തിൽ നിലനിർത്തി 2022-23 തസ്തിക നിർണ്ണയ ഉത്തരവിലെ അനുബന്ധം 1-ലെ തസ്തികകളുടെ ഘടന എച്ച്.എം-1, എൽ.പി.എസ്.ടി -11, യു.പി.എസ്.ടി -15 എന്ന തരത്തിൽ പുനഃക്രമീകരിച്ച് 2022-23-ലെ തസ്തിക നിർണ്ണയ ഉത്തരവ് ഭേദഗതി ചെയ്യ് ഉത്തരവ് നൽകുവാനും പാലക്കാട് ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകണണെന്ന് വിനീതമായി അപേക്ഷിക്കുന്നു.

3. **പാലക്കാട് ഉപജില്ല വിദ്യാഭ്യാസ ഓഫീസർ സമർപ്പിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു.**

പാലക്കാട്, കൊടുന്തിരപ്പുള്ളി എസ്.എൻ.യു.പി സ്കൂൾ മാനേജർ 2022-23 അദ്ധ്യയന വർഷം മുതൽ പ്രധാനാദ്ധ്യാപികയുടെ തസ്തിക എൽ.പി വിഭാഗത്തിലേക്ക് മാറ്റണമെന്ന റിവിഷൻ

പെറ്റീഷനിൽ കെ.ഇ.ആർ റൂൾ 5 ചാപ്റ്റർ 23 അനുസരിച്ച് അപ്പർ പ്രൈമറി ഡിവിഷനുകളിൽ ഒരെണ്ണം കുറച്ചു പ്രധാനാദ്ധ്യാപക തസ്തിക അനുവദിക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഏതു കാറ്റഗറിയിൽ നിന്നും (UPST/LPST) എച്ച്.എം ആയാലും എച്ച്.എം തസ്തിക അപ്പർ പ്രൈമറി ഡിവിഷനുകളിൽ നിന്നും ഒരെണ്ണം കുറച്ച് മാത്രമേ അനുവദിക്കുന്നതിന് വ്യവസ്ഥയുള്ളൂ.

സർക്കാർ ഉത്തരവ് നം.ജി.ഒ (പി) 275/2021/പൊ.വി.വ തീയതി 8.12.2021 പ്രകാരം ഈ സ്കൂളിലെ പ്രിയദർശിനി, യു.പി.എസ്.ടി, ശ്രീമതി.റോസി.സി.പി, യു.പി.എസ്.ടി എന്നിവരെ എൽ.പി.എസ്.ടി തസ്തികയിലേക്ക് മാറ്റിയിട്ടുള്ളതാണ്. 2022-23, 2023-24 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവുകൾ തിരുത്തി നൽകണമെന്ന മാനേജരുടെ ആവശ്യം കെ.ഇ.ആർ വ്യവസ്ഥകൾ പ്രകാരം പരിഗണനാർഹമല്ലാത്തതിനാൽ മാനേജരുടെ റിവിഷൻ ഹർജി നിരസിക്കാവുന്നതാണ്.

പാലക്കാട്, കൊടുന്തിരപ്പുള്ളി എസ്.എൻ.യു.പി സ്കൂൾ യു.പി.എസ്.ടി ശ്രീമതി.റോസി.സി.പി, ശ്രീമതി.എൻ.പ്രിയദർശിനി എന്നിവർ സർക്കാർ ഉത്തരവ് നമ്പർ (കൈ) 275/21/പൊ.വി.വ തീയതി 6.12.2021 പ്രകാരം 1.6.2017 മുതൽക്കു എൽ.പി.എസ്.ടി തസ്തികയിലേക്ക് ജൂനിയർ അദ്ധ്യാപികയായിരിക്കുമെന്നും മേൽ പറഞ്ഞ സർക്കാർ ഉത്തരവ് പ്രകാരം ജൂനിയർമോസ്റ്റ് എൽ.പി.എസ്.ടി ആയി 1.6.2017 മുതൽ തുടരുന്നതിൽ വിരോധമില്ലെന്ന് സത്യവാങ്മൂലം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിലാണ് യു.പി.എസ്.ടി-യിൽ നിന്നും എൽ.പി.എസ്.ടി യിലേക്ക് തസ്തികമാറ്റം നൽകിയിട്ടുള്ളതെന്നും അങ്ങയെ അറിയിച്ചുകൊള്ളുന്നു.

ശ്രീമതി.പ്രിയദർശിനി യു.പി.എസ്.ടി തസ്തികയിലാണ് ജോലി ചെയ്തിരുന്നത്. യു.പി.എസ്.ടി തസ്തികയിൽ ജോലി ചെയ്തിരുന്ന സി.പി.റോസി, പ്രിയദർശിനി എന്നിവർ സർക്കാർ ഉത്തരവ് 275/2021 തീയതി 6.12.2021 പ്രകാരം 1.6.2017 മുതൽ തന്നെ എൽ.പി.എസ്.ടി തസ്തികയിലേക്ക് മാറുന്നതിനു സമ്മത പത്രം നൽകുകയും ആയതിനു അംഗീകാരം നൽകുകയും ചെയ്തിട്ടുള്ളതാണ്. ഈ സ്കൂളിൽ 2010-2011 മുതൽ 2024-25 വരെയും 15 യു.പി ഡിവിഷനും 14 യു.പി.എസ്.ടി തസ്തികയും ഒരു എച്ച്.എം തസ്തികയും 12 എൽ.പി.എസ്.ടി തസ്തികയും അനുവദിക്കപ്പെട്ടിട്ടുള്ളതാണ്.

**4. പൊതുവിദ്യാഭ്യാസ ഡയറക്ടർ ചുവടെ പറയും പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്**

കൊടുന്തിരപ്പുള്ളി എസ്.എൻ. യു.പി സ്കൂളിലെ 1.1.2020-ലെ മാനേജർ കൂടി ഒപ്പുവെച്ച് ശ്രീമതി.എൻ.പ്രിയദർശിനി ഉൾപ്പെട്ട അപ്രൂവ്ഡ് സീനിയോറിറ്റി ലിസ്റ്റ് പ്രകാരം ശ്രീമതി.എൻ.പ്രിയദർശിനിയുടെ കാറ്റഗറി രേഖപ്പെടുത്തിയിരിക്കുന്നത് യു.പി.എസ്.ടി എന്നാണ്.

2017-18 അദ്ധ്യയന വർഷത്തെ കുട്ടികളുടെ ഹാജർ പട്ടികയനുസരിച്ച് ശ്രീമതി.എൻ.പ്രിയദർശിനി ആറാം തരത്തിൽ എ ഡിവിഷനിലെ ക്ലാസ്സ് അദ്ധ്യാപികയായിരുന്നു. 2018-19, 2019-20 വർഷങ്ങളിൽ ടി അദ്ധ്യാപിക അഞ്ചാം തരം എ ഡിവിഷനിലെ ക്ലാസ്സ് ചുമതലയിലായിരുന്നു.

2016-ലെ അവധിക്കാല പരിശീലനത്തിൽ പങ്കെടുത്തതിന്റെ ഡ്യൂട്ടി സർട്ടിഫിക്കറ്റ് പ്രകാരം ശ്രീമതി.എൻ.പ്രിയദർശിനി പങ്കെടുത്തിരിക്കുന്നത് യു.പി ഗണിതം വിഭാഗത്തിലാണ്. 2019-ൽ അവധിക്കാല പരിശീലനത്തിൽ പങ്കെടുത്തതിന്റെ ഡ്യൂട്ടി സർട്ടിഫിക്കറ്റ് പ്രകാരം ശ്രീമതി.എൻ.പ്രിയദർശിനി പങ്കെടുത്തിരിക്കുന്നത് യു.പി ബേസിക് സയൻസ് വിഭാഗത്തിലാണ്.

മേൽ പ്രകാരം പ്രധാനാദ്ധ്യാപികയായി നിയമനം ലഭിച്ചിരിക്കുന്ന ശ്രീമതി.എൻ.പ്രിയദർശിനി യു.പി വിഭാഗത്തിൽ നിന്നുമാണ് സ്ഥാനക്കയറ്റം ലഭിച്ചത് എന്ന് വ്യക്തമാകുന്നു. ആയതിനാൽ മേൽ വിഷയം Rejimol Vs AEO (2004(2) KLT 899) കേസിലെ വിധിന്യായത്തിനനുസൃതമായി പരിഗണിക്കാൻ കഴിയില്ല എന്ന് കാണുന്നു. ഇതേ വിഷയത്തിൽ മാനേജർ ഈ കാര്യാലയത്തിൽ

സമർപ്പിച്ചിരുന്ന റിവിഷൻ അപ്പീൽ നിരസിച്ചിരുന്നു എന്ന വിവരം കൂടി റിപ്പോർട്ട് ചെയ്യുന്നു.

5. സർക്കാർ ഇക്കാര്യം ഹിയറിംഗ് സമയത്തെ വാദത്തിന്റെയും, നിലവിലുള്ള ചട്ടങ്ങളുടെയും ഉത്തരവുകളുടെയും, ലഭ്യമായ റിപ്പോട്ടുകളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചു. പാലക്കാട്, കൊടുന്തിരപ്പുള്ളി എസ്.എൻ. യു.പി സ്കൂളിന്റെ 2022-23-ന്റെ തസ്തിക നിർണ്ണയ ഉത്തരവിൽ 12 എൽ.പി ഡിവിഷനുകളും 15 യു.പി ഡിവിഷനുകളും അനുവദിച്ചിട്ടുണ്ട്. അനുബന്ധ സ്റ്റേറ്റമെന്റിൽ എച്ച്.എം-1, യു.പി.എസ്.ടി-14, എൽ.പി.എസ്.ടി-12 എന്നിങ്ങനെയാണ് ചേർത്തിട്ടുള്ളത്. നിലവിലെ പ്രധാനാദ്ധ്യാപിക ശ്രീമതി.എൻ.പ്രിയദർശിനി 1.6.2017 മുതൽക്കു തന്നെ എൽ.പി.എസ്.ടി ആയി മാറ്റപ്പെട്ടതും, എൽ.പി.എസ്.ടി ആയി തുടരുന്നതിൽ യാതൊരു ആക്ഷേപവും ഇല്ല എന്നു സത്യവാങ്മൂലം നൽകിയിട്ടുണ്ടെന്നും, ആയതിനാൽ എച്ച്.എം തസ്തിക എൽ.പി.എസ്.ടി യിൽ നിന്നും കുറവ് ചെയ്ത് തസ്തിക നിർണ്ണയം പുനഃക്രമീകരിക്കണമെന്നുമാണ് സ്കൂൾ മാനേജരുടെ ആവശ്യം. പ്രസ്തുത വിഷയം സംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ച റിവിഷൻ അപ്പീൽ നിരസിച്ച് ഉത്തരവായിരുന്നു. ടി ഉത്തരവിൽ 1.1.2020-ലെ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം ശ്രീമതി.പ്രിയദർശിനിയുടെ കാറ്റഗറി രേഖപ്പെടുത്തിയിരിക്കുന്നത് യു.പി.എസ്.ടി എന്നാണെന്നും, അവധിക്കാല പരിശീലനത്തിൽ പങ്കെടുത്തത് യു.പി വിഭാഗത്തിലാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്.

പാലക്കാട് ഉപജില്ല വിദ്യാഭ്യാസ ഓഫീസറോട് ആവശ്യപ്പെട്ട വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ലഭ്യമാക്കിയ റിപ്പോർട്ടിൽ ടി സ്കൂളിലെ യു.പി.എസ്.ടി ശ്രീമതി.എൻ.പ്രിയദർശിനി, ശ്രീമതി.റോസി.സി.പി എന്നിവർ GO (Ms)275/2021/പൊ.വി.വ തീയതി 6.12.2021 പ്രകാരം 2017 മുതൽ എൽ.പി.എസ്.ടി തസ്തികയിൽ തുടരുന്നതിൽ വിരോധമില്ല എന്നു സത്യവാങ്മൂലം നൽകിയിട്ടുണ്ടെന്നും ആയതിന് അംഗീകാരം നൽകുകയും ചെയ്തിട്ടുള്ളതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ എന്തുകൊണ്ടാണ് സീനിയോറിറ്റി ലിസ്റ്റിൽ യു.പി.എസ്.ടി എന്ന് രേഖപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമല്ല.

ശ്രീമതി.എൻ.പ്രിയദർശിനിക്ക് 1.6.2020 മുതൽക്കാണ് പ്രധാനാദ്ധ്യാപികയായി സ്ഥാനക്കയറ്റം ലഭിക്കുന്നത്. GO (Ms) 275/2021/പൊ.വി.വ തീയതി 6.12.2021-ലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ശ്രീമതി.പ്രിയദർശിനി 2017 മുതൽ എൽ.പി.എസ്.ടി ആയി തുടരുന്നതിന് സത്യവാങ്മൂലം നൽകുകയും ആയതിന് അംഗീകാരം നൽകിയിട്ടുണ്ടെന്നും പാലക്കാട് ഉപജില്ല വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ എച്ച്.എം തസ്തിക എൽ.പി.എസ്.ടി യിൽ നിലനിർത്തേണ്ടതാണെന്ന് കാണുന്നു.

മേൽ സാഹചര്യത്തിൽ 2022-23 തസ്തിക നിർണ്ണയ ഉത്തരവിലെ തസ്തികകളുടെ ഘടന എച്ച്.എം-1, എൽ.പി.എസ്.ടി -11, യു.പി.എസ്.ടി-15 എന്ന തരത്തിൽ പുനഃക്രമീകരിച്ച് 2022-23-ലെ തസ്തിക നിർണ്ണയ ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകി, പാലക്കാട്, കൊടുന്തിരപ്പുള്ളി എസ്.എൻ.യു.പി സ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച പരാമർശം 1 പുനപരിശോധനാ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ വി
അഡിഷണൽ സെക്രട്ടറി

പകർപ്പ്:-

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട്
മാനേജർ, എസ്.എൻ.യു.പി സ്കൂൾ , കൊടുന്തിരപ്പുള്ളി, പാലക്കാട്.
പ്രഥമാദ്ധ്യാപകൻ, എസ്.എൻ.യു.പി സ്കൂൾ , കൊടുന്തിരപ്പുള്ളി, പാലക്കാട്.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Shahnakumari S L
Date: 22-04-2025 10:59:17
സെക്ഷൻ ഓഫീസർ